**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5133** **04-07-2024 - ൽ മറുപടിയ്ക്ക്**

**എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ മുഖേനയുള്ള നിയമനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. മഞ്ഞളാംകുഴി അലി** | | **ശ്രീ വി ശിവൻകുട്ടി (പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിൽ രഹിതരുടെ എണ്ണമെത്ര; അതിന്റെ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ; | (എ) | സംസ്ഥാനത്തെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ 2024 മാർച്ച് 31 വരെ 26,55,736 ഉദ്യോഗാർത്ഥികൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. അതിന്റെ ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധം I ആയി ചേർക്കുന്നു. |
| (ബി) | കഴിഞ്ഞ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ മുഖേന ജോലി ലഭിച്ചവരുടെ എണ്ണം ജില്ല തിരിച്ച് ലഭ്യമാക്കുമോ; | (ബി) | കഴിഞ്ഞ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ (2016 മെയ് 20 മുതൽ 2024 മെയ് 31 വരെ) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ മുഖേന ജോലി ലഭിച്ചവരുടെ എണ്ണം ജില്ല തിരിച്ച് അനുബന്ധം II ആയി ചേർക്കുന്നു. |
| (സി) | സംസ്ഥാനത്തെ വിവിധ ജില്ലകളിൽ ഏത് വർഷം വരെ രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിൽ രഹിതർക്കാണ് ജോലി നൽകാൻ കഴിഞ്ഞിട്ടുള്ളത്; അതിന്റെ ജില്ല തിരിച്ചുള്ള വിശദാംശം ലഭ്യമാക്കുമോ,; | (സി) | സംസ്ഥാനത്തെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ അറിയിക്കപ്പെടുന്ന താത്കാലിക ഒഴിവുകൾ ബന്ധപ്പെട്ട ജില്ലാ/സ്പെഷ്യൽ/പ്രൊഫെഷണൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിലാണ് അറിയിക്കപ്പെടുന്നത്. ഇപ്രകാരം അറിയിക്കപ്പെടുന്ന ഒഴിവുകൾ സംവരണ തത്വം പാലിച്ച് ബുക്ക് ചെയ്ത് ബന്ധപ്പെട്ട ടൗൺ എംപ്ലോയ്മെന്റ് ഓഫീസുകളിൽ അറിയിക്കുകയും അവിടെ നിന്ന് ലിസ്റ്റ് വാങ്ങി ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിലേത് ഉൾപ്പെടെ ക്രോഡീകരിച്ച് ഉദ്യോഗദായകന് നൽകുകയുമാണ് ചെയ്തു വരുന്നത്.<br><br>ഓരോ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾക്കും പ്രത്യേകം പ്രത്യേകം സീനിയോറിറ്റി ലിസ്റ്റുകളാണ് തയ്യാറാക്കുന്നത്. ഈ സീനിയോറിറ്റി ലിസ്റ്റുകളിൽ നിന്നാണ് അറിയിക്കപ്പെടുന്ന ഒഴിവുകൾക്ക് ഉദ്യോഗാർത്ഥികളെ നാമനിർദ്ദേശം ചെയ്യുന്നത്. ഈ കാരണത്താൽ ഓരോ ജില്ലയിലും അറിയിക്കപ്പെടുന്ന വേക്കൻസികൾക്ക് നാമനിർദ്ദേശം ചെയ്യുന്നവരുടെ സീനിയോറിറ്റി വ്യത്യസ്തമായിരിക്കും. അത് പോലെ സംവരണാടിസ്ഥാനത്തിൽ ആണ് ലിസ്റ്റ് നൽകുന്നതെന്നതിനാൽ ഓരോ എക്സ്ചേഞ്ചിലും |

| | | | |
|---|---|---|---|
| | | | രജിസ്റ്റർ ചെയ്തിട്ടുള്ള സംവരണ വിഭാഗക്കാരുടെ എണ്ണത്തിന് അനുസരിച്ച് സീനിയോറിറ്റിയിലും വ്യത്യാസം വരുന്നതാണ്.<br><br>കൂടാതെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്നും നൽകുന്ന ലിസ്റ്റിൽ നിന്നും അഭിമുഖം/ടെസ്റ്റ് നടത്തി നിയമനം നൽകുന്നത് ഉദ്യോഗദായകൻ ആണ്. ഈ സാഹചര്യത്തിൽ ജില്ല തിരിച്ച് വിവിധങ്ങളായ തസ്തികകൾക്ക് ഓരോ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിലും ഏത് സീനിയോറിറ്റി വരെയുള്ളവരെ നിലവിൽ പരിഗണിച്ചിട്ടുണ്ട് എന്ന വിവരം പ്രത്യേകം പ്രത്യേകം വകുപ്പിൽ ലഭ്യമല്ല. |
| (ഡി) | ഏകീകൃത സീനിയോറിറ്റി ലിസ്റ്റ്, നിശ്ചിതകാലാവധി കൂടുമ്പോൾ അപ്ഡേറ്റ് ചെയ്ത് ഓൺ ലൈനായി എല്ലാവർക്കും പരിശോധിക്കാൻ കഴിയുന്ന വിധത്തിൽ ലഭ്യമാക്കണമെന്ന നിർദ്ദേശം പരിഗണനയിലുണ്ടോ; എങ്കിൽ അപ്രകാരം തയ്യാറാക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ; | (ഡി) | വിദ്യാഭ്യാസ യോഗ്യത മറ്റ് ഇതര യോഗ്യതകൾ രജിസ്റ്റർ ചെയ്തവരുടെ സീനിയോറിറ്റിയുടെ അടിസ്ഥാനത്തിൽ ഓരോ യോഗ്യതകളുടെയും സീനിയോറിറ്റി ലിസ്റ്റ് എല്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിലും പ്രസിദ്ധീകരിച്ചിട്ടുണ്ട്. ടി ലിസ്റ്റ് www.eemplyopyment.kerala.gov.in എന്ന വെബ് സൈറ്റിലൂടെ എല്ലാവർക്കും ഓൺലൈനായി പരിശോധിക്കുന്നതിനുള്ള സൗകര്യം നിലവിൽ ലഭ്യമാണ്. ഓരോ മൂന്നു വർഷത്തിലൊരിക്കലാണ് സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നത്. നിലവിൽ പ്രസിദ്ധീകരിച്ചിട്ടുള്ള സീനിയോറിറ്റി ലിസ്റ്റ് 2024 - 2026 വർഷത്തേക്കുള്ളതാണ്. ഈ ലിസ്റ്റ് ഓരോ ആറ് മാസ കാലയളവിലും റിവ്യൂ (അപ്ഡേറ്റ്) ചെയ്യുന്നതിനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ഇ) | എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ മുഖേനയുള്ള നിയമനത്തിനുള്ള ഉയർന്ന പ്രായപരിധി എത്രയാണ്; പ്രായപരിധി ഉയർത്തുന്നത് സംബന്ധിച്ചുള്ള നിർദ്ദേശം പരിഗണനയിലുണ്ടോ; വ്യക്തമാക്കുമോ,; | (ഇ) | സംസ്ഥാന സരക്കാർ / അർദ്ധ സർക്കാർ സ്ഥാപനങ്ങളിലെ ഫുൾടൈം ഒഴിവുകളിലെ ഓപ്പൺ വിഭാഗത്തിനെ പരിഗണിക്കുന്ന ഉയർന്ന പ്രായപരിധി 41 വയസ്സാണ്. മറ്റ് പിന്നോക്ക വിഭാഗങ്ങൾക്ക് 3 വർ<br><br>ഷവും (44 വയസ്സും) പട്ടികജാതി / പട്ടികവർഗ്ഗ വിഭാഗത്തിന് 5 വർഷവും (46 വയസ്സും) ഉയർന്ന പ്രായപരിധിയിൽ ഇളവ് അനുവദിച്ചിട്ടുണ്ട്. സംസ്ഥാന സർക്കാർ ഒഴിവുകളിൽ മുൻഗണന വിഭാഗക്കാർക്ക് ഉയർന്ന പ്രായപരിധിയിൽ 10 വർഷത്തെ ഇളവ് അനുവദിച്ചിട്ടുണ്ട്. എല്ലാ ഇളവുകളും ഉൾപ്പെടെ സംസ്ഥാന സർക്കാർ/ അർദ്ധ സർക്കാർ സ്ഥാപനങ്ങളിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ വഴിയുള്ള നിയമനത്തിനുള്ള ഉയർന്ന പ്രായപരിധി 50 വയസ്സാണ്. പ്രായപരിധി ഉയർത്തുന്ന കാര്യം നിലവിൽ പരിഗണനയിലില്ല. |
| (എഫ്) | സംസ്ഥാനത്തെ വിവിധ വകുപ്പുകളിൽ നടക്കുന്ന താത്കാലിക, കരാർ നിയമനങ്ങൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ മുഖേനയാണെന്ന് | (എഫ്) | സംസ്ഥാനത്തുള്ള സർക്കാർ വകുപ്പുകൾ/ പൊതുമേഖലാ സ്ഥാപനങ്ങൾ/ ബോർഡുകൾ/ കമ്പനികൾ/ കോർപ്പറേഷനുകൾ/ സർക്കാർ |

| | | | |
|---|---|---|---|
| | ഉറപ്പുവരുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; അത് ലംഘിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ എന്തെല്ലാം നടപടിയാണ് സ്വീകരിച്ചു വരുന്നതെന്ന് വ്യക്തമാക്കുമോ? | | ഗ്രാന്റിൽ പ്രവർത്തിക്കുന്ന മറ്റ് സ്ഥാപനങ്ങൾ എന്നിവിടങ്ങളിലുള്ള പബ്ലിക് സർവ്വീസ് കമ്മീഷന്റെ പരിധിയ്ക്ക് പുറത്ത് വരുന്ന ഒഴിവുകൾ നികത്തുന്നതിന് ബന്ധപ്പെട്ട എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ മുഖേന 1959 ലെ കമ്പൽസറി നോട്ടിഫിക്കേഷൻ ഓഫ് വേക്കൻസീസ് ആക്ടിലെ വ്യവസ്ഥകൾക്ക് വിധേയമായി മാത്രമായിരിക്കേണ്ടതാണെന്നും നിഷ്കർഷിച്ചിട്ടുണ്ട്. വകുപ്പിലെ ആക്ട് എൻഫോഴ്സ്മെന്റ് ഓഫീസർമാരായ ജില്ലാ എംപ്ലോയ്മെന്റ് ഓഫീസർ/ എംപ്ലോയ്മെന്റ് ഓഫീസർമാരുടെ നേതൃത്വത്തിൽ നടത്തുന്ന സ്ഥാപന പരിശോധനകളിലും, അനധികൃത നിയമനം സംബന്ധിച്ച് ലഭിക്കുന്ന പരാതികളിന്മേൽ നടത്തുന്ന പരിശോധനകളിലും, കരാർ നിയമനങ്ങൾ നടക്കുന്നതായി ശ്രദ്ധയിൽപ്പെടുന്ന പക്ഷം ടി കരാർ നിയമനങ്ങൾ റദ്ദ് ചെയ്ത് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ ഒഴിവ് അറിയിച്ച് നിയമനം നടത്തുന്നതിന് ബന്ധപ്പെട്ട ഉദ്യോഗദായകന് നിർദ്ദേശങ്ങൾ നൽകി തുടർനടപടികൾ സ്വീകരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ

<u>അനുബന്ധം I</u>

| ജില്ലകൾ | രജിസ്റ്റർ ചെയ്തിട്ടുള്ള ഉദ്യോഗാർത്ഥികളുടെ എണ്ണം |
|---|---|
| തിരുവനന്തപുരം | 428621 |
| കൊല്ലം | 299212 |
| ആലപ്പുഴ | 219348 |
| പത്തനംതിട്ട | 96744 |
| കോട്ടയം | 154891 |
| ഇടുക്കി | 82749 |
| എറണാകുളം | 242279 |
| തൃശ്ശൂർ | 194759 |
| പാലക്കാട് | 182419 |
| മലപ്പുറം | 198573 |
| കോഴിക്കോട് | 274877 |
| വയനാട് | 70807 |
| കണ്ണൂർ | 139225 |
| കാസർഗോഡ് | 71232 |
| ആകെ | 2655736 |

Kavitha T
സെക്ഷൻ ഓഫീസർ

<u>അനുബന്ധം II</u>

| ജില്ലകൾ | നിയമനങ്ങളുടെ എണ്ണം |
|---|---|
| തിരുവനന്തപുരം | 11653 |
| കൊല്ലം | 5342 |
| ആലപ്പുഴ | 13600 |
| പത്തനംതിട്ട | 3705 |
| കോട്ടയം | 4270 |
| ഇടുക്കി | 2152 |
| എറണാകുളം | 13655 |
| തൃശ്ശൂർ | 7277 |
| പാലക്കാട് | 6310 |
| മലപ്പുറം | 3135 |
| കോഴിക്കോട് | 7655 |
| വയനാട് | 2642 |
| കണ്ണൂർ | 5471 |
| കാസർഗോഡ് | 4092 |
| **ആകെ** | 90959 |

Kavitha I
സെക്ഷൻ ഓഫീസർ